# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി — കൊല്ലം ജില്ല, കൊറ്റംകര പഞ്ചായത്തിലെ കോവിൽമുക്കിൽ 15.07.2021-ന് കിണർ നിർമ്മാണത്തിനിടെ വിഷവാതകം ശ്വസിച്ച് മരണപ്പെട്ട ഇളമ്പള്ളൂർ, പുനുക്കന്നൂർ പുന്നവിള വീട്ടിൽ രാജൻ, കുരീപ്പള്ളി, തൈക്കാവ്മുക്ക്, ചരുവിള തെക്കേതിൽ വീട്ടിൽ മനോജ്, പുനുക്കന്നൂർ, ചിറയടിഭാഗം ആദിത്യൻ ഭവനത്തിൽ ശിവപ്രസാദ്, പെരിനാട്, ചിറക്കോണം ശ്രുതിലയത്തിൽ സോമരാജൻ എന്നിവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവാകുന്നു.

===================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (എം.എസ്.) നം. **150/2021/റവ.** തിരുവനന്തപുരം, തീയതി, 06.08.2021.

===================================================================

പരാമർശം:- കൊല്ലം ജില്ലാകളക്ടറുടെ 24.07.2021-ലെ N7-282729/2021 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ല, കൊറ്റംകര പഞ്ചായത്തിലെ കോവിൽമുക്കിൽ 15.07.2021-ന് കിണർ നിർമ്മാണത്തിനിടെ വിഷവാതകം ശ്വസിച്ച് മരണപ്പെട്ട ഇളമ്പള്ളൂർ, പുനുക്കന്നൂർ പുന്നവിള വീട്ടിൽ രാജൻ, കുരീപ്പള്ളി, തൈക്കാവ്മുക്ക്, ചരുവിള തെക്കേതിൽ വീട്ടിൽ മനോജ്, പുനുക്കന്നൂർ, ചിറയടിഭാഗം ആദിത്യൻ ഭവനത്തിൽ ശിവപ്രസാദ്, പെരിനാട്, ചിറക്കോണം ശ്രുതിലയത്തിൽ സോമരാജൻ എന്നിവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും താഴെപ്പറയും പ്രകാരം ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(I) രാജന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ (ഭാര്യയ്ക്ക് 1 ലക്ഷം രൂപയും, പന്ത്രണ്ടും എട്ടും വയസ്സ് പ്രായമുള്ള രണ്ട് മക്കൾക്ക് രണ്ട് ലക്ഷം രൂപ വീതവും)

(ii) മനോജിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ ( ഭാര്യയ്ക്ക് 1 ലക്ഷം രൂപയും, ആറും, ഒന്നും വയസ്സ് പ്രായമുള്ള രണ്ട് മക്കൾക്ക് രണ്ട് ലക്ഷം രൂപ വീതവും)

(iii) ശിവപ്രസാദിന്റെ അമ്മയ്ക്ക് രണ്ട് ലക്ഷം രൂപ

(iv) സോമരാജന്റെ കുടുംബത്തിന് നാല് ലക്ഷം രൂപ (ഭാര്യയ്ക്ക് രണ്ട് ലക്ഷം രൂപയും, ഇരുപത്തിയാറും, ഇരുപത്തിമൂന്നും വയസ്സ് പ്രായമുള്ള രണ്ട് മക്കൾക്ക് ഓരോ ലക്ഷം രൂപ വീതവും)

പ്രായപൂർത്തിയാകാത്ത കുട്ടികളുടെ പേരിൽ അനുവദിക്കുന്ന തുക ദേശസാൽകൃത ബാങ്കിൽ പതിനെട്ടു വയസ്സുവരെ സ്ഥിരനിക്ഷേപം ചെയ്ത് പലിശ രക്ഷകർത്താവിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ കൊല്ലം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

...2/-

2. വിതരണത്തിനാവശ്യമായി വരുന്ന തുകയായ 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. എ. ജയതിലക്,
അഡീൽണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, കൊല്ലം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

പൊതുഭരണ (എസ്.സി.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.